പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2062 **26-10-2026-ൽ മറുപടിയ്ക്ക്**

<u>ദേശീയ ഭക്ഷ്യ ഭദ്രത നിയമം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. എ. ഡി. തോമസ്

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) ദേശീയ ഭക്ഷ്യ ഭദ്രത നിയമപ്രകാരം എത്ര ഗോഡൗണുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ എത്രയെണ്ണം സയന്റിഫിക് ഗോഡൗണുകളാണെന്നും അറിയിക്കാമോ;

<u>മറുപടി:</u> കേന്ദ്ര ഭക്ഷ്യ ഭദ്രതാനിയമ പ്രകാരം 177 ഗോഡൗണുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 62 എണ്ണം സയന്റിഫിക് ഗോഡൗണുകളാണ്.

(ബി) കേന്ദ്ര നിയമ പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ സംഭരണം സയന്റിഫിക് ഗോഡൗണുകളിൽ ആകണമെന്നിരിക്കെ അൺ സയന്റിഫിക് സംവിധാനങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നത് നിയമവിരുദ്ധമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇ അൺ സയന്റിഫിക്കായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഏത് വിധത്തിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> കേന്ദ്ര ഭക്ഷ്യ ഭദ്രതാനിയമ പ്രകാരം ഭക്ഷ്യ ധാന്യങ്ങൾ സയന്റിഫിക് ഗോഡൗണുകളിൽ ആണ് സൂക്ഷിക്കേണ്ടത്. എന്നാൽ NFSAയുടെ പ്രാരംഭഘട്ടത്തിൽ ഭക്ഷ്യ ധാന്യ സംഭരണത്തിനായി 2017-20 കാലഘട്ടത്തിൽ ഗോഡൗണുകൾ കിട്ടാതെ വന്ന സാഹചര്യത്തിൽ, ഭക്ഷ്യ ധാന്യങ്ങളുടെ വിട്ടെടുപ്പും വിതരണവും അടിയന്തിരമായി നടത്തേണ്ടതിനാൽ, സംഭരണത്തിനായി അടിയന്തിരമായി സ്ഥലം കണ്ടെത്തേണ്ടത് അനിവാര്യമായി വന്നു. അൺസയന്റിഫിക്കായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി കൂടുതൽ സയന്റിഫിക് ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ദേശീയ ഭക്ഷ്യ ഭദ്രത നിയമം 2013 നടപ്പിലാക്കേണ്ടത് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തകാര്യ വകുപ്പ് ആയിരിക്കേ നിലവിലും സപ്ലൈകോയെ നോഡൽ ഏജൻസിയായി നിലനിർത്തേണ്ടതുണ്ടോ; ഉണ്ടെങ്കിൽ സാഹചര്യം വിശദമാക്കാമോ;

<u>മറുപടി:</u> 06.02.2026-ലെ സ.ഉ(കൈ)നം.2/2026/F&CS നമ്പർ ഉത്തരവ് പ്രകാരം NFSA ഗോഡൗണുകളുടെ നടത്തിപ്പ്, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം എന്നിവയുടെ ചുമതല സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും മാറ്റി പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് നൽകി വകുപ്പിനെ പദ്ധതിയുടെ ഏകോപനത്തിനായുള്ള അംഗീകൃത ഏജൻസിയായി

നിശ്ചയിച്ചും ഉത്തരവായിരുന്നു. എന്നാൽ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനെ ടി പ്രവർത്തനം തുടർന്ന് നിർവഹിക്കാൻ താൽക്കാലികമായി ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

(ഡി) നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് (NFSA) ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് നടപ്പാക്കിയാൽ സർക്കാരിനുണ്ടാകുന്ന ലാഭ - നഷ്ട കണക്കുകൾ കണക്കാക്കിയിട്ടുണ്ടോ; കണക്കാക്കിയിട്ടുണ്ടെങ്കിൽ വിശദമാക്കാമോ;

<u>മറുപടി:</u> സപ്ലൈകോ മുഖേന നിലവിൽ നടത്തിവരുന്ന വാതിൽപ്പടി വിതരണത്തിന്റെ ഭാഗമായുള്ള NFSA ഗോഡൗണുകളുടെ നടത്തിപ്പ് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ഏറ്റെടുത്ത നടത്തുമ്പോൾ ഒരു റേഷനിംഗ് യൂണിറ്റ് നടത്തിപ്പിന് ചെലവാകുന്ന ശരാശരി തുക (21,44,32,515/83 യൂണിറ്റ്) 25,83,524/- രൂപ (25.83 ലക്ഷം) ആയി കണക്കാക്കിയിട്ടുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണുകളുടെ പ്രവർത്തനം സപ്ലൈകോ മുഖേന നടത്തിവരുന്നതിൽ ഒരു റേഷനിംഗ് യൂണിറ്റ് നടത്തിപ്പിന് ചെലവാകുന്ന ശരാശരി തുക (21,73,54,323/83 യൂണിറ്റ്) 26,18,727/- (26.18 ലക്ഷം) രൂപ ആണ്. എൻ.എഫ്.എസ്.എ. ഗോഡൗണുകളുടെ പ്രവർത്തനം CWC മുഖേന നടത്തിവരുന്നതിൽ ഒരു റേഷനിംഗ് യൂണിറ്റ് നടത്തിപ്പിന് ചെലവാകുന്ന ശരാശരി തുക (21,80,33,729/ 83 യൂണിറ്റ്) 26,26,912/- രൂപ ആണ്.

(ഇ) ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃ കാര്യ വകുപ്പിൽ 2016 മെയ് മുതൽ 2025 മെയ് വരെയുള്ള കാലയളവിൽ ക്ലർക്ക് തസ്തികയിൽ എത്ര ജീവനക്കാരെ പുതിയതായി നിയമിച്ചുവെന്ന് അറിയിക്കാമോ; ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ ഉണ്ടായിട്ടുള്ളതായി ആരോപിക്കപ്പെടുന്ന നിയമന മുരടിപ്പ്, സ്ഥാനക്കയറ്റത്തിലെ മുരടിപ്പ് എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ തുടർനടപടികൾ വിശദമാക്കാമോ;

<u>മറുപടി:</u> 2016 മെയ് മുതൽ 2025 മെയ് വരെയുള്ള കാലയളവിൽ ക്ലാർക്ക് തസ്തികയിൽ 752 നിയമനങ്ങളാണ് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നടന്നിട്ടുള്ളത്. 22/02/2019 ലെ G.O.(Ms) No.11/2019/F&CSD, 24/07/2019 ലെ G.O.(Ms) No.22/2019/F&CSD, 11/02/2021 ലെ G.O.(Ms) No.09/2021/F&CSD എന്നീ ഉത്തരവുകൾ പ്രകാരം വകുപ്പിലെ ക്ലാർക്ക്, സീനിയർ ക്ലാർക്ക്, ഹെഡ് ക്ലാർക്ക്/റേഷനിംഗ് ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാർക്ക് സപ്ലൈകോയിൽ അനുവദിച്ചിരുന്ന ഡെപ്യൂട്ടേഷൻ കുറവ് ചെയ്യുമ്പോൾ മാതൃവകുപ്പിലേക്ക് തിരികെ എത്തുന്നവരെ ഉൾക്കൊള്ളേണ്ടതിനാൽ വിരമിക്കൽ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഈ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ നിയമനങ്ങൾ നടത്താൻ സാധിക്കുകയും ക്രമപ്രകാരം സ്ഥാനക്കയറ്റം നൽകാൻ കഴിയുന്നതുമാണ്.

(എഫ്) ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നും സപ്ലൈകോയിലേക്കുള്ള ഡെപ്യൂട്ടേഷൻ 10% വീതം വർഷാവർഷം കുറവ് ചെയ്ത സർക്കാർ ഉത്തരവ് നിയമപരമായി നിലനിൽക്കുന്നതാണോ; ഇത് വിശദമാക്കാമോ;

<u>മറുപടി:</u> അതാത് കാലങ്ങളിൽ നിലനിൽക്കുന്ന സാഹചര്യം വിലയിരുത്തി സർക്കാർ സ്വീകരിക്കുന്ന നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്.

(ജി) നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ടിന്റെ (NFSA) നോഡൽ ഏജൻസിയായി സപ്ലൈകോയെ ചുമതല ഏൽപ്പിച്ചപ്പോൾ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ 42 തസ്തികകളും

സപ്ലൈകോയിൽ 318 തസ്തികകളും അനുവദിച്ചത് നിയമപരമായി ശരിയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; നിയമപരമായി ശരിയല്ലെങ്കിൽ ഇക്കാര്യത്തിൽ തുടർനടപടികൾ വിശദമാക്കാമോ?

മറുപടി: ദേശിയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാതിൽപ്പടി വിതരണം നടത്തുന്നതിന്റെ നോഡൽ ഏജൻസി ആയി സപ്ലൈകോയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ നടത്തിപ്പിനായാണ് പ്രസ്തുത തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുള്ളത്.

സെക്ഷൻ ഓഫീസർ